**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1578** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>സ്പോർട്സ് വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിങ് വിഭാഗങ്ങൾ ശാക്തീകരിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വർഗീസ് മാമ്മൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** സ്പോർട്സ് വകുപ്പിന് കീഴിൽ നിലവിൽ ഏതൊക്കെ എഞ്ചിനീയറിങ് വിഭാഗങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** 26.02.2021 ലെ സ.ഉ.(കൈ) നം. 06/2021/കാ.യു.വ, 07.07.2021-ലെ സ.ഉ.(കൈ) നം. 08/2021/കാ.യു.വ, എന്നീ ഉത്തരവുകൾ പ്രകാരം, കായിക യുവകാര്യാലയത്തിനു കീഴിലുണ്ടായിരുന്ന കായിക എഞ്ചിനീയറിംഗ് വിഭാഗത്തെ പുനർവിന്യസിച്ചാണ് 2013 ലെ കമ്പനീസ് ആക്ടിലെ സെക്ഷൻ 8 പ്രകാരം കായിക യുവകാര്യാലയത്തിനു കീഴിലുള്ള പൊതുമേഖലാസ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനിൽ എഞ്ചിനീയറിംഗ് വിഭാഗം ആരംഭിച്ചിട്ടുള്ളത്.

**(ബി)** ഓരോ ഏജൻസിയുടെയും ചുമതലകൾ, ഉദ്യോഗസ്ഥരുടെ എണ്ണം എന്നിവ അറിയിക്കാമോ;

**<u>മറുപടി:</u>** **<u>സ്പോർട്സ് കേരള ഫൗണ്ടേഷന്റെ ചുമതലകൾ:</u>**

1) കളിക്കളങ്ങളുടെ നിർമ്മാണ ചുമതല.

2) KIFB ഉൾപ്പെടുന്ന വിവിധ കായിക പദ്ധതികൾ.

3) KHELO ഇന്ത്യ പദ്ധതികൾ.

4) പ്രധാന മന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതികൾ.

മേൽ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥരായ ചീഫ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് പ്രോജക്ട് എഞ്ചിനീയർ, സ്ട്രക്ച്ചറൽ എഞ്ചിനീയർ, ആർക്കിടെക്ട്, ക്ലറിക്കൽ ജീവനക്കാർ ഉൾപ്പെടെ വിവിധ തസ്തികകളിലായി കരാർ/താൽക്കാലിക അടിസ്ഥാനത്തിൽ ആകെ 101 ജീവനക്കാർ ടി കമ്പനിയിലെ ഹെഡ് ഓഫീസിലും, വിവിധ ജില്ലകളിലുമായി സേവനം അനുഷ്ഠിച്ചു വരുന്നു.

**(സി)** നാഷണൽ ഗെയിംസിനുവേണ്ടി രൂപീകരിച്ച വിഭാഗം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നാഷണൽ ഗെയിംസിനുവേണ്ടി രൂപീകരിച്ച വിഭാഗം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 26.09.2016 ലെ സർക്കാർ ഉത്തരവ് നം. 45/16/കാ.യു.വ. പ്രകാരം നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിൻറെ പ്രവർത്തനം 30.09.2016-ൽ അവസാനിപ്പിക്കുകയും കായിക യുവകാര്യ ഡയറക്ടർക്ക് കൈമാറുകയും ചെയ്തു. തുടർന്ന് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിൽ നിലവിൽ പ്രവർത്തിച്ചിരുന്ന ജീവനക്കാരെ ഉൾപ്പെടുത്തി കായിക യുവജനകാര്യാലയത്തിന് കീഴിൽ സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിച്ച് നിയമിക്കുകയും 2021 ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന കമ്പനി രൂപീകരിച്ചപ്പോൾ അതിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**(ഡി)** തിരുവല്ലയിൽ ഈ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന സ്റ്റേഡിയം പദ്ധതി പോലെയുള്ള മെഗാ പദ്ധതികൾ നടപ്പിലാക്കാനായി പ്രസ്തുത എഞ്ചിനീയറിങ് വിഭാഗത്തെ ശാക്തീകരിക്കാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** 2026-2027 ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II ക്രമ നം. 1200 ആയി ഉൾപ്പെടുത്തി 1 കോടി രൂപ അടങ്കൽ തുക കണക്കാക്കി 20% തുക വകയിരുത്തിയ തിരുവല്ല പബ്ലിക്ക് സ്റ്റേഡിയം നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിനെയാണ് നിർവ്വഹണ വകുപ്പാക്കി ചുമതലപ്പെടുത്തിയിരിക്കുന്നത്. കായിക വകുപ്പിന്റെ സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചർ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**